**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1201** **12-06-2024 - ൽ മറുപടിയ്ക്ക്**

**കടലുണ്ടി കടവ് ബോട്ട് ജെട്ടി നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടത്തിയ നവകേരള സദസ്സിൽ കടലുണ്ടി കടവ് ബോട്ട് ജെട്ടി നീളം കൂട്ടി നിർമ്മിക്കുന്നതിന് നൽകിയ നിവേദനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (എ) | കടലുണ്ടിയിൽ നിലവിൽ ഉപയോഗിച്ചുവരുന്ന ബെർത്തിങ്ങ് ജെട്ടി കടലുണ്ടി അഴിമുഖത്താണ് സ്ഥിതി ചെയ്യുന്നത്. അഴിമുഖത്ത് പുലിമുട്ടോ, മറ്റ് നിർമ്മിതികളോ ഇല്ലാത്തതിനാൽ ചില സമയങ്ങളിൽ ബോട്ട് ജെട്ടി ഉൾപ്പെടെ പല ഭാഗത്തും മണൽ അടിഞ്ഞുകൂടാറുണ്ട്. നിർദ്ദിഷ്ട പ്രദേശം CRZ 1 Category ആയതിനാൽ യാതൊരു നിർമ്മാണ പ്രവർത്തികളും ഇവിടെ അനുവദനീയമല്ല. പുഴയുടെ അഴിമുഖത്തും സമീപ പ്രദേശങ്ങളിലും പാറക്കൂട്ടങ്ങൾ സ്ഥിതിചെയ്യുന്നുണ്ട്. അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് നിവേദകനെ ഫിഷറീസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി തയ്യാറാക്കിയ 134 ലക്ഷം രൂപയുടെ (പ്രൈസ് ഐ.ഡി - 782/23) എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | കടലുണ്ടി ബോട്ട് ജെട്ടി നീളം കൂട്ടി നിർമ്മിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ജെട്ടിയുടെ തുടർച്ചയായി കടലുണ്ടി പുഴയുടെ കരയ്ക്ക് സമാന്തരമായി 100 മീറ്റർ നീളത്തിലും നിലവിലുള്ള ജെട്ടിയേക്കാൾ 20 സെ.മീ.ഉയരത്തിലുള്ള ഒരു ജെട്ടി നിർമ്മിക്കുന്നതിന് 134 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി നൽകിയിട്ടുണ്ട്. നിർദ്ദേശിച്ചിട്ടുള്ള സ്ഥലം കോസ്റ്റൽ റെഗുലേറ്ററി സോൺ (CRZ) 1 Category പ്രദേശം ആയതിനാൽ യാതൊരു നിർമ്മിതിയും പ്രദേശത്ത് അനുവദനീയമല്ലാത്തതിനാൽ നിലവിൽ അംഗീകാരം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ